# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/BP/425/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
അസി.ഡെവലപ്മെന്റ് കമ്മീഷണർ,ഗ്രാമവികസനവകുപ്പ്,തിരുവനന്തപുരം
കാര്യാലയപകർപ്പ്

നമ്പർ: KSATVM/BP/425/2023 തീയ്യതി: 30/03/2023

# തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 06-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സുനിതാബാബു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ
ശ്രീമതി പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി (വരെ) |
|---|---|---|---|

| | | (മുതൽ) | |
|---|---|---|---|
| അഡ്വ.എസ്.കെ.ബെൻഡാർവിൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അജയ് രാജ്.എസ് | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീ.സുരേന്ദ്രൻ.വി | സെക്രട്ടറി | 01-05-2021 | 07-08-2021 |
| ശ്രീ.സോളമൻ.എസ് | സെക്രട്ടറി | 08-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഐറിൻ.ജി | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 01-04-2021 | 31-03-2022 |
| ശ്രീ.വിൻസെന്റ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ജ്യോതിസ്.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി രത്നബിന്ദു.എസ്.ആർ | ശിശുവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മിനി.എസ് | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷൈലജ ദേവി.എ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ബിജുകുമാർ.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 20-02-2022 |
| ശ്രീമതി ബിജി.യു.എസ് | പട്ടികജാതി വികസന ഓഫീസർ | 21-02-2022 | 31-03-2022 |
| ഡോ.എൻ.ശിവസേനൻ | സീനിയർ വെറ്റിനറി സർജ്ജൻ | 01-04-2021 | 31-05-2021 |
| ഡോ.മണികണ്ഠൻ.എസ് | സീനിയർ വെറ്റിനറി സർജ്ജൻ | 01-06-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. | 1-9 |
| 10 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ - TR7(A) ഫോമിലുള്ള ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല. | 1-10 |
| 11 | ഇ -ടെണ്ടർ ഫോറ വില തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-11 |
| 12 | വാടക കുടിശ്ശിക – ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-12 |
| 13 | തുടർ പരിപാലനമില്ലാത്ത കൃഷിപ്പണികൾ- ലക്ഷങ്ങൾ പാഴാകുന്നു. | 1-13 |
| 14 | എക്സ്റേ യൂണിറ്റ് സ്ഥാപിക്കൽ - ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചിട്ടില്ല 447100/-രൂ തടസ്സപ്പെടുത്തുന്നു | 1-14 |
| 15 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ. | 1-15 |
| 16 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-16 |
| 17 | ബിൽ തുകയെക്കാൾ അധികം നൽകി. 3882/-രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 18 | വിനിയോഗ സാക്ഷ്യപത്രങ്ങളും മറ്റ് രേഖകളും ഹാജരാക്കിയിട്ടില്ല. 1672129/-രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | നിയമാനുസൃത വെറ്റിംഗ് ആഫീസർ അംഗീകരിക്കാത്ത പദ്ധതി നടപ്പിലാക്കി. | 1-19 |
| 20 | വജ്രജൂബിലി കലാകാരൻമാർക്ക് ധനസഹായം-പദ്ധതി നിർഹണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിയില്ല. | 1-20 |
| 21 | കുടിവെള്ള പ്രോജക്ടുകൾ -തുടർ നടത്തിപ്പ്,സംരക്ഷണം ഉറപ്പാക്കേണ്ടതാണ്. | 1-21 |
| 22 | ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പ്രോജക്ടുകൾ-തുക തിരികെ ഈടാക്കേണ്ടതാണ്. | 1-22 |
| 23 | സമ്മതപത്രമില്ലാതെ റവന്യൂ ഭൂമിയിലെ നിർമ്മാണം | 1-23 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് സർചാർജ് നടപടി വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 25/03/2021 ലെ 1 -ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 69,08,69,380/-രൂപയും പ്രതീക്ഷിത ചെലവ് 68,90.70,330 -രൂപയും നീക്കിയിരിപ്പ് 17,99,050/- രൂപയുമാണ്. ബഡ്ജറ്റിലെ വരവു ചെലവു തുകകളും ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ കൂടുതൽ അന്തരം നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | ബഡ്ജറ്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| പ്രതീക്ഷിത വരവ് | 69,08,69,380/- | 7,36,21,933/- |
| പ്രതീക്ഷിത ചെലവ് | 68,90.70,330/- | 7,25,41,150/- |

യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷികധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31-07-2022 | 13/06/2022 |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സംയുക്ത പ്രോജക്കുകളുടെ ചെലവുകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവു വിവരം ഖണ്ഡിക 4-1 ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക. വാർഷിക ധനകാര്യ പത്രിക പ്രകാരം (B-4 ഷെഡ്യൂൾ) സംയുക്ത പ്രോജക്കുകൾക്കായി പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ 57,44,355/- രൂപ ചെലവാക്കാനവശേഷിക്കുന്നു. പ്രസ്തുത തുക വിനിയോഗിക്കാത്തപക്ഷം സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തിരികെ ഒടുക്കു വരുത്തേണ്ടതാണ്.

2) B-18 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് വർക്കിനത്തിൽ വാട്ടർ അതോറിറ്റി 51,58,228/- രൂപയുടെ പ്രവൃത്തി പൂർത്തിയാക്കാനവശേഷിക്കുന്നു. നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

3) സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, എ.സി. ആർ എന്നിവ പ്രകാരം സി.എഫ്.സി ഗ്രാന്റ് അൺടൈഡ് ഇനത്തിൽ വരവിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 1,00,640 /- രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നു.

4) ലൈബ്രറി ഫീസിനത്തിൽ ലഭ്യമായ വരവ് ,ചെലവ്, എം.ജി.എൻ.ആർ.ജി.എസ് ന്റെ വരവു ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ വരവു ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

6) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

7) 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

8) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.
മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 08തീയതി :09/03/2023) മറുപടി ലഭ്യമാക്കിയില്ല.

9) വായ്പ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഇതു സംബന്ധിച്ച രജിസ്റ്റർ/രേഖകൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

(ഓഡിറ്റ് എൻക്വയറി നം: 23 ,തീയതി:15/03/23) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ ഖണ്ഡിക 4-4ൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിനിയോഗ വിവരം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | മുന്നിരിപ്പ് | അനുവദിച്ച തുക | ആകെ | ചെലവ് തുക | ലാപ്സ് ആയ തുക/ നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 3,16,31,790 | 3,16,31,790 | 2,86,36,163 | 29,95,627 | 90.52% |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 1,55,13,108 | 1,55,13,108 | 1,35,50,059 | 19,63,049 | 87.34% |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്(ടൈഡ്) | 0 | 86,75,298 | 86,75,298 | 59,46,048 | 27,29,250 | 68.53% |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 5424708 | 5424708 | 6016324 | (-)591616 | 110.9% |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 11087464 | 11087464 | 79,28,577 | 31,58,887 | 71.5% |

എ.സി.ആർ പ്രകാരമുള്ള ചെലവും സുലേഖ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സുലേഖ പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2,86,36,163 | 2,87,44,721 |
| വികസന ഫണ്ട്(എസ്.സി.പി) | 1,35,50,059 | 1,37,25,059 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്(ടൈഡ്) | 59,46,048 | 5537546 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്(അൺടൈഡ്) | 6016324 | 6025974 |

1) എ.സി.ആർ പ്രകാരമുള്ള ചെലവും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടാത്തതിനു വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നം:2, തീയതി: 06/03/2023) മറുപടി ലഭ്യമാക്കിയില്ല.

2) ധനകാര്യ കമ്മിഷൻ ഗ്രാന്റ് (അൺടൈഡ്) വരവിനെക്കാൾ കൂടുതൽ ചെലവു ചെയ്തിരിക്കുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 5,91,616/- രൂപ അധികം ചെലവഴിച്ചിരിക്കുന്നു..

3) സി.എഫ്.സി ഗ്രാന്റ് ചെലവുകൾ ഇ-ഗ്രാം സ്വരാജ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതും പൊരുത്തപ്പെടുന്നില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 108 | 94 | 8,44,97,469 | 6,20,77,171 | 87% |

പദ്ധതി ആസൂത്രണത്തിലെ അപാകതകൾ

1) സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 പ്രകാരം പദ്ധതി ആസൂത്രണം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഖണ്ഡിക 3-3.2.4 പ്രകാരം ബ്ലോക്ക് തലത്തിൽ പദ്ധതി ആസൂത്രണത്തിനും ചെയ്യുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ട ചുമതലകളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ , ബ്ലോക്ക് പഞ്ചായത്തു പരിധിയിലെ ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ , ഗ്രാമ പഞ്ചായത്ത് ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻമാർ, ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം വിളിച്ചു ചേർക്കണമെന്നും പ്രസ്തുത യോഗത്തെ ഗ്രാമസഭയ്ക്കു തുല്യമായി കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ വിഷയ മേഖലയിലെയും കോ-ഓർഡിനേറ്റർമാരെ പ്രസ്തുത യോഗത്തിൽ വച്ച് അതാത് ഭരണസമിതി നിശ്ചയിച്ചു നൽകേണ്ടതാണ്. ഇതിനെ തുടർന്ന് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് ഓരോ

മേഖലയിലും ആവശ്യമായ പ്രോജക്ടുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് കൃത്യമായി കൂടുകയോ പദ്ധതി ആസൂത്രണത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ് പ്രകാരം 01/02/2023 മാത്രമാണ് യോഗം കൂടിയിട്ടുള്ളത്. ആയതിന്റെ മിനിട്സ് പൂർത്തിയാക്കിയിട്ടില്ല. പങ്കെടുത്ത അംഗങ്ങളുടെ ഒപ്പ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ മേഖലയിലെയും പദ്ധതികളുടെ ആവശ്യകത, പദ്ധതികളുടെ ആസൂത്രണം, തുടങ്ങിയവ വിഷയങ്ങളെക്കുറിച്ച് ആവശ്യമായ ചർച്ചകൾ നടത്തിയിട്ടില്ല. പദ്ധതി ആസൂത്രണം നടത്തുന്നതിനുള്ള ചുമതല ഭരണസമിതി നിർവഹിക്കുമ്പോൾ ആവശ്യമായ സഹായം നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ യഥാസമയം യോഗം കൂടുകയോ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

2)ഖണ്ഡിക 3-3(12)(ബി)13 -14 ൽ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ മോണിറ്റർ ചെയ്യണമെന്നും പ്രസ്തുത ഘട്ടത്തിൽ നിർവഹണോദ്യോഗസ്ഥർ ഒഴിവാകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ , മിനിട്സ് രേഖപ്പെടുത്തൽ മിനിട്സ് ബുക്ക് സൂക്ഷിക്കൽ , ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലകളാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ ഇത്തരം പ്രവർത്തനങ്ങൾ നിർവഹിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പല മികച്ച പദ്ധതികളും ലക്ഷ്യം കൈവരിക്കാത്തതിനു കാരണം പദ്ധതി ആസൂത്രണത്തിന് വർക്കിംഗ് ഗ്രൂപ്പുകൾ വേണ്ടത്ര പ്രാധാന്യം നൽകാത്തതിനാലാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A) പൂവാർ സി.എച്ച്.സി യിൽ എക്സ്-റേ യൂണിറ്റ് ആരംഭിക്കുന്നതിനായി ആശുപത്രിയിലെ പഴയ ഒരു കെട്ടിടം ഇലക്ട്രിഫിക്കേഷൻ മറ്റ് അറ്റകുറ്റപണികൾ എന്നിവയ്ക്കായി 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി പത്തു ലക്ഷം രൂപയോളം ചെലവഴിച്ചുവെങ്കിലും എക്സ്-റേ യൂണിറ്റ് ആരംഭിക്കാവുന്ന രീതിയിൽ ഈ കെട്ടിടത്തെ രൂപപ്പെടുത്താൻ നാളിതുവരെ കഴിഞ്ഞില്ല. ഇപ്പോഴും അറ്റകുറ്റപണികൾ നടന്നു കൊണ്ടിരിക്കുന്നു. വളരെ സ്ഥലപരിമിതിയുള്ള ഈ കെട്ടിടം എക്സ്-റേ യൂണിറ്റ് തുടങ്ങാൻ പര്യാപ്തമാണോ എന്ന് പോലും പരിശോധിച്ചിട്ടില്ല.

B) പ്ലാമൂട്ടുക്കടയിൽ ആരംഭിച്ച പുഷ്പകൃഷി ,ബ്ലോക്ക് പഞ്ചായത്തിലെ പച്ചക്കറി കൃഷി ഇവ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുൾപ്പെടെ 7,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആരംഭം വളരെ നല്ലതായി ചെയ്തിരുന്നു. എന്നാൽ ഈ അടിസ്ഥാന സൗകര്യമൊരുക്കിയത് ദീർഘകാലത്തേയ്ക്കാണെങ്കിലും പദ്ധതിയുടെ തുടർ പരിപാലനം നടക്കാത്തതിനാൽ ലക്ഷ്യം കൈവരിക്കാനായില്ല.

C) മുൻ വർഷങ്ങളിലാരംഭിച്ച പേപ്പർ നിർമ്മാണ യൂണിറ്റ് കോവിഡനന്തരം പ്രവർത്തന രഹിതമായി അവശേഷിക്കുന്നു. മെഷീനുകൾ നശിച്ചു പോകുന്നതിനു വരെ ഇതു കാരണമാകാം. എന്നാൽ ഇത്തരം പ്രവർത്തനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ യാതൊരു ചർച്ചയും നടന്നതായി കാണുന്നില്ല.

ശരിയായ ആസൂത്രണത്തിലൂടെ മാത്രമെ പദ്ധതികളുടെ വിജയകരമായ നടത്തിപ്പ് സാധ്യമാവുകയുള്ളൂ. ഓരോ മേഖലയിലെയും ആവശ്യമായ പദ്ധതികൾ, അവ നടപ്പിലാക്കുന്നതിനാവശ്യമായ വസ്തുതകൾ, തുടർ പരിപാലനം എന്നിവയെക്കുറിച്ച് ആവശ്യമായ ചർച്ചയും പഠനവും വർക്കിംഗ് ഗ്രൂപ്പു തലത്തിൽ നടത്തുന്നതിനും നടപ്പു വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ മോണിറ്റർ ചെയ്യുന്നതിനും പദ്ധതി നടത്തിപ്പിൽ പോരായ്മകളുണ്ടായാൽ ആയതു പരിഹരിച്ച് ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ നൽകുന്നതിനും പര്യാപ്തമായ വിധത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8/12/22-15 /12/22 | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 03/12/14 | 01/02/2010മുതൽ 30/11/2014വരെ | 15-5-2017 |

ഓഡിറ്റ്

### 1-6 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല.

### 1-7 ആഭ്യന്തര നിയന്ത്രണം

അക്കൗണ്ട്സിലെ അപാകതകൾ ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.
പദ്ധതി ആസൂത്രണം രൂപീകരണം എന്നിവയിലെ പാളിച്ച മൂലം പുഷ്പകൃഷി,ജൈവ പച്ചക്കറി പോലുള്ള വിവിധ പദ്ധതികൾക്ക് ചെലവഴിക്കുന്ന തുക ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നില്ല.

പദ്ധതി വിഹിതം വിനിയോഗിച്ച് ആസ്തി നിർമ്മാണം, മെയിന്റനൻസ് എന്നിവ നടപ്പാക്കുന്നുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങളും സംരക്ഷണവും ഉറപ്പാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.പൊന്നമ്മാൾ ലൈബ്രറി നിർമ്മാണം,സി.എച്ച്.സി.യിലെ പവർ ലാൺട്രി, ടോയ്‌ലറ്റ് നിർമ്മാണങ്ങൾ എന്നിവ ചില ഉദാഹരണങ്ങളാണ്.

മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ മുൻ വർഷങ്ങളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ നിലവിലും തുടർന്ന് വരുന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറുകാരുടെ ലാഭവിഹിതം ഉൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് .
കുടിവെള്ള പദ്ധതികളുടെ തുടർ പ്രവർത്തനം ഉറപ്പുവരുത്തേണ്ടതാണ്.
മൂന്ന് വർഷങ്ങളിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന പേപ്പർ ബാഗ് യൂണിറ്റ് ,ക്യാൻറീൻ എന്നിവയുടെ പ്രവർത്തനം തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഇ-വേസ്റ്റ് ലേലം ചെയ്ത് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-8 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതികൾ ഒന്നും ഇല്ല.

### 1-9 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

പഞ്ചായത്തിന്റെ വരവിനങ്ങളിലെ കളക്ഷൻ തുക സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന രസീതു ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ്(27, 15/3/2023) കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 83 പ്രകാരം രസീത് ബുക്കുകൾ ലഭിച്ചാൽ ഉടൻ തന്നെ നമ്പറിടുകയും സ്റ്റോക്ക് ബുക്കിൽ എഴുതി ചേർക്കേണ്ടതുമാണ്. അതിനുശേഷം മാത്രമെ ഇഷ്യൂ ചെയ്യാൻ പാടുള്ളൂ. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം നടപടി വീഴ്ചകൾ പണാപഹരണം പോലുള്ള കൃത്യ വിലോപത്തിന് കാരണമായേക്കും. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, രസീതു ബുക്കുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

### 1-10 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ - TR7(A) ഫോമിലുള്ള ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.

എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തുന്ന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിന് TR7(A) ഫോമിലുള്ള ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല. ആയതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(11, 9/3/2023) അറിവില്ലായ്മ കൊണ്ടാണ് TR7(A) ഫോമിലുള്ള ക്യാഷ് ബുക്ക് ഉപയോഗിക്കാത്തത് എന്ന് മറുപടി നൽകി. കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ജി.ഒ(പി)നം. 177/2006/ഫിൻ, തീയതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുന്നതിനായി TR-7A ക്യാഷ് ബുക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും മാസാന്ത്യ സംക്ഷിപ്തം എഴുതി, കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

### 1-11 ഇ -ടെണ്ടർ ഫോറ വില തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ പദ്ധതികളുടെ ടെണ്ടർ ഫോം ഫീസ് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നാളിതുവരെ വരവ് വന്നിട്ടില്ല. ഈ തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വാടക കുടിശ്ശിക – ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ബ്ളോക്ക് പഞ്ചായത്തിന്റെ കീഴിൽ വാടകയ്ക്ക് കൊടുത്തിട്ടുള്ള ഏഴ് കടമുറികളിൽ രണ്ട് കടമുറികളിലെ വാടക കുടിശ്ശിക പിരിച്ചെടുക്കാനവശേഷിക്കുന്നു. റൂം നം.4ൽ പ്രവർത്തിക്കുന്ന കേരള മെഡിക്കൽ സ്റ്റോറിന്റെ കരാർ കാലാവധി 2022 ജൂലൈയിൽ അവസാനിച്ചിട്ടുണ്ട്. തുടർന്ന് ടി സ്ഥാപനം നാളിതു വരെ കരാർ പുതുക്കിയിട്ടില്ല. 2022 ജൂൺ മുതല് ഡിസംബർ വരെ മാത്രം 84994/-രൂപ വാടക കുടിശ്ശിക ലഭിക്കാനുണ്ട്. നിലവിൽ ഇപ്പോഴും പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നുമുണ്ട്. കുടിശ്ശിക അടച്ച് കരാർ പുതുക്കുവാൻ പലതവണ അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും, കരാർ പുതുക്കാത്തതിനാൽ ഏഴ് ദിവസത്തിനകം കടമുറി ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് കാണിച്ച് 4/3/2023ൽ കത്ത് നല്കിയിട്ടുള്ളതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5. തീയതി8/3/2023)മറുപടി നല്കി. റൂം.3 ൽ പ്രവർത്തിച്ചിരുന്ന പ്രസ് ക്ളബ് 2019 ജൂലൈ മുതൽ 2020 ജനുവരി വരെ മാത്രം 4900/-രൂപ വാടക കുടിശ്ശിക ലഭിക്കാനുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ കരാർ കാലാവധി 2020 ജനുവരിയിൽ അവസാനിച്ചു. പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുമില്ല. കുടിശ്ശിക അടച്ച് കരാർ പുതുക്കാത്ത പക്ഷം കടമുറി ഒഴിഞ്ഞ് താക്കോൽ തിരികെ എൽപ്പിക്കാൻ 24.2.2023ൽ കത്ത് നൽകിയിട്ടുള്ളതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5. തീയതി8/3/2023)മറുപടി നല്കി.

പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന മേൽ സ്ഥാപനങ്ങളെ കടമുറികളിൽ നിന്ന് ഒഴിപ്പിച്ച്, കുടിശ്ശിക ഈടാക്കി, താക്കോൽ തിരികെ വാങ്ങുകയോ, മുഴുവൻ കുടിശ്ശികയും കളക്ട് ചെയ്ത് കരാർ പുതുക്കുകയോ ചെയ്യാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. വാടകയ്ക്ക് നൽകീരിക്കുന്ന കെട്ടിടങ്ങളിൽ നിന്ന് വാടക സമയ ബന്ധിതമായി പിരിച്ചെടുക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-13 തുടർ പരിപാലനമില്ലാത്ത കൃഷിപ്പണികൾ- ലക്ഷ്യങ്ങൾ പാഴാകുന്നു.

2021-22 സാമ്പത്തിക വർഷം പാറശ്ശാല ബ്ലോക്കിൽ ജനകീയ ആസൂത്രണ പദ്ധതി പ്രകാരം അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി നമ്പർ | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ബിൽ നം./തീയതി | നിർവഹണ ഉദ്യോഗസ്ഥ |
|---|---|---|---|---|---|
| ബ്ലോക്ക് തല പുഷ്പകൃഷി | S0056/22 | 650000/- | 500000/- | 1/2021-22, 4/3/22, Rs.108271/- 3/2021-22,8/3/22, Rs.391729/- | അസി.ഡയറക്ടർ(കൃഷി) |
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരത്ത് ജൈവ പച്ചക്കറി കൃഷി | S0036/22 | 500000/- | 200000/- | 2/2021-22, 4/3/22, Rs.125000/- 4/2021-22, 25/3/22, Rs.75000/- | അസി.ഡയറക്ടർ(കൃഷി) |

പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള തരിശായി കിടക്കുന്ന ഒരേക്കർ സ്ഥലത്ത് പുഷ്പകൃഷി ചെയ്യുന്നതിനും, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനു മുന്നിലും ടെറസ്സിലുമുള്ള സ്ഥലത്ത് ഗ്രോബാഗിൽ പച്ചക്കറികൃഷി ചെയ്യുന്നതിനുമാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. പരീക്ഷണ അടിസ്ഥാനത്തിൽ ബ്ലോക്ക് തലത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതികൾ നല്ല രീതിയിൽ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. പച്ചക്കറിതൈകളും പുഷ്പതൈകളും നടുന്നതിനും വെള്ളമൊഴിക്കുന്നതിനും ആധുനിക രീതിയിലുള്ള Sprinkler Method ആണ് ഉപയോഗിച്ചിരിക്കുന്നത്. തുടക്കത്തിൽ നല്ല രീതിയിൽ ജൈവ പച്ചക്കറികളും പുഷ്പങ്ങളും ഉൽപ്പാദിപ്പിക്കാൻ കഴിയുകയും 18915/- രൂപയ്ക്ക് വിളവെടുക്കുകയും ചെയ്തു. എന്നാൽ തുടർ പരിപാലനമില്ലാത്തതിനാൽ രണ്ട് പദ്ധതികളിലെയും ചെടികൾ മുഴുവനായും ഭാഗികമായും വാടിക്കരിഞ്ഞ് നശിച്ച അവസ്ഥയിലാണ്. ചെടികൾ നടുന്നതിനും പരിപാലിക്കുന്നതിനും നിർമ്മിച്ചിരിക്കുന്ന ആധുനിക പൈപ്പിംഗ് സിസ്റ്റത്തിന് കേടുപാടുകൾ സംഭവിച്ചിട്ടില്ല എന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

സബ്സിഡി മാർഗരേഖ പ്രകാരം 100% സബ്സിഡി നൽകാൻ കഴിയാത്ത ഈ പദ്ധതികൾക്ക് 01.02.2022ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിലാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. ഏകദേശം മൂന്ന് ലക്ഷത്തിലധികം തുക പൈപ്പിംഗ് സിസ്റ്റത്തിനായി ഉപയോഗിച്ചിട്ടുണ്ട്. ടി തുക പാഴായിപ്പോകാതിരിക്കാൻ കൃഷിയിന്മേൽ തുടർപരിപാലനം അത്യാവശ്യമാണ്. മേൽ പദ്ധതികളുടെ തുടർ പരിപാലനവുമായി ബന്ധപ്പെട്ട് 2022-23 വർഷം പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിക്കുകയുണ്ടായില്ല എന്ന് കൃഷി ഓഫീസർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19,24) മറുപടി നൽകി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 100% സബ്സിഡി നൽകാൻ കഴിയാത്ത ഈ പദ്ധതികൾക്ക് 01/02/2022 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിലാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. ഏകദേശം 3 ലക്ഷത്തിലധികം രൂപ പെപ്പിംഗ് സിസ്റ്റത്തിനായി ഉപയോഗിച്ചിട്ടുണ്ട്. ടി തുക പാഴായിപോകാതിരിക്കാൻ കൃഷിയിന്മേൽ തുടർ പരിപാലനം അത്യാവശ്യമാണ്.

വ്യക്തമായ ആസൂത്രണവും വിശകലനവും നടത്താതെ പദ്ധതികൾ നടപ്പിലാക്കിയതിനാലാണ് ലക്ഷ്യം കൈവരിക്കാനാകാതെ ചെലവ് തുക പാഴായി പോകുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പദ്ധതികളുടെ തുടർ പരിപാലനം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതും, തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-14 എക്സ്റേ യൂണിറ്റ് സ്ഥാപിക്കൽ - ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചിട്ടില്ല 447100/-രൂ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പൂവാർ സി എച്ച് സിയിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കൽ |
| പദ്ധതി നമ്പർ | 98/22 |
| പദ്ധതി അടങ്കൽ | 447100 |
| പദ്ധതി ചെലവ് | 447100 |
| ബിൽ നം./തീയതി | 98/21-22 തീ 26.03.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

പൂവാർ സി.എച്ച്.സി.യിലേയ്ക്ക് പാറശ്ശാല സി.എച്ച്.സി.യിൽ നിന്നും കൈമാറി കിട്ടിയ എക്സ് റേ യൂണിറ്റ് സ്ഥാപിക്കുന്നതിനായി നിലവിലെ ഒരു കെട്ടിടത്തിൽ 2015-16 ൽ 3,50,000/-രൂപ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ചെലവിട്ടിട്ടുണ്ട്. ലക്ഷ്യം കൈവരിക്കാത്തതിനാൽ 2020-21 ൽ 10 ലക്ഷം രൂപ മെയിന്റനൻസ് ഫണ്ട് വകയിരുത്തി 20-21ൽ 4,72,457/- രൂപയ്ക്ക് സിവിൽ വർക്കും 2021-22 ൽ സ്പിൽ ഓവർ പ്രോജക്ടാക്കി 4,47,100/- രൂപയ്ക്ക് ഇലക്ട്രിക്കൽ വർക്കും ചെയ്തിട്ടുണ്ട്. എന്നാൽ ഇലക്ട്രിക്കൽ വർക്കിലെ പ്രധാന ഇനമായ Transformer With Three-phase Connection നടപ്പിലാക്കാതെയാണ് ഇലക്ട്രിക്കൽ വർക്കുകള് നടപ്പിലാക്കിയത്. സ്ഥല പരിശോധനയിൽ സിവിൽ വർക്കിൽ ചെയ്ത അലുമിനിയം ഫാബ്റിക്കേഷൻ ,വാതിലുകൾ, ജനാലകൾ മുതലായവ ഇളക്കിമാറ്റി മറ്റ് പണികൾ ചെയ്യുന്നതാണ് കണ്ടത്. എക്സ്റേ യൂണിറ്റ് തുരുമ്പെടുത്ത് പ്രവർത്തന യോഗ്യമല്ലാത്ത നിലയിലാണ് കണ്ടെത്തിയത്. പ്രോജക്ടുകൾ ഫണ്ട് ചെലവിടുന്നതിനുള്ള ഉപാധികൾ മാത്രമായി മാറുന്ന പ്രവണത ശരിയല്ല. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ഇത്തരം പ്രോജക്ടുകളിൽ ഇലക്ട്രിക്കൽ വർക്കുകൾക്കുശേഷം സിവിൽ വർക്കുകൾ നടത്തേണ്ടതായിരുന്നു. ഇത്തരത്തിൽ 447100/-രൂ

ചെലവഴിച്ചിട്ടും ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിക്കാത്തതിനാൽ ഈയിനത്തിൽ ചെലവു ചെയ്ത തുക തടസ്സപ്പെടുത്തുന്നു. ഇലക്ട്രിക്കൽ വർക്ക് പൂർത്തീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.

| | |
|---|---|
| പദ്ധതിയുടെ പേര് | ഭിന്നശേഷിക്കാർക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ |
| പദ്ധതി നമ്പർ | S0029/22 |
| പദ്ധതി അടങ്കൽ | 250562/;<br>(വികസന ഫണ്ട് പൊതു വിഭാഗം) |
| പദ്ധതി ചെലവ് | 245448/-<br>(വികസന ഫണ്ട് പൊതു വിഭാഗം) |
| ബിൽ നം./തീയതി | 01/D/2021-22 Rs. 240335/-<br>02/D/2021-22 Rs.5113/- |
| നിർവഹണ ഉദ്യോഗസ്ഥ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |

ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ ഭിന്നശേഷിക്കാർക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തി ഡോക്ടർ നിർദ്ദേശിക്കുന്ന ഉപകരണം വാങ്ങി നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചിരുന്നത്. ക്വയിലോൺ സർജിക്കൽസ് ആൻഡ് മെഡിക്കൽസിൽ നിന്നും 48 വീൽചെയറുകൾ വാങ്ങാൻ ചെലവ് ചെയ്ത 245448/-രൂപയിൽ 5113/- രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല. വാങ്ങിയ വീൽചെയറുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും 48 വീൽചെയറുകളും ക്വയ്ലോൺ സർജിക്കൽസിൽ നിന്ന് കേടുപാടില്ലാതെ ലഭ്യമായി എന്ന നിർവഹണ ഉദ്യോഗസ്ഥയുടെ സർട്ടിഫിക്കേഷനോ, ബില്ലുകൾ പ്രകാരം ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററോ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. ആയതിനാൽ ഗുണമേന്മയുള്ള ഉപകരണങ്ങളാണ് ഗുണഭോക്താക്കൾക്ക് ലഭ്യമായത് എന്ന് ഓഡിറ്റിന് ഉറപ്പ് വരുത്തുവാൻ കഴിയുന്നില്ല. ഈ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16, 10/3/2023) മറുപടി ലഭ്യമാക്കിയില്ല. 5113/- രൂപയുടെ കൈപ്പറ്റ് രസീതും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെവിവിധ സർക്കാർ വകുപ്പുകൾ.സ്ഥാപനങ്ങൾ,പൊതുമേഖലാ സ്ഥാപനങ്ങൾ , ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ ,തദ്ദേശ സ്ഥാപനങ്ങൾ,സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ)അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ)എല്ലാത്തരം വാഹനങ്ങൾ,ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ"VEELS"-എന്നസൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾപ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 12/23- ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലേയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 ബിൽ തുകയെക്കാൾ അധികം നൽകി. 3882/-രൂപ തടസ്സപ്പെടുത്തുന്നു.

പൂവ്വാർ സി.എച്ച്.സി.-യിലെ മെഡിക്കൽ ആഫീസർ നിർവഹണം നടത്തിയ പ്രോജക്ട് നമ്പർ S0128/22 (പൂവ്വാർ സി.എച്ച്.സി-യ്ക്ക് സെമി ആട്ടോ അനലൈസർ വാങ്ങൽ) പദ്ധതിയ്ക്കായി റോഡിതരം ഇനത്തിൽ 179126/-രൂപ വകയിരുത്തി സെമി.ഓട്ടോ അനലൈസർ വാങ്ങുന്നതിനായി ബിൽ നമ്പർ 38/21-22 (21028563046601453414-ബിൽ റഫറൽ നം-25/3/22) പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 362400100000037 നമ്പർ അക്കൌണ്ടിലേയ്ക്ക് 59342/-രൂപ നൽകി.എന്നാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 28/8/2022-ലെ

(AGAPPE) TAX INVOICEപ്രകാരം 55460/-രൂപയെന്നും, 30/4/2022-ലെKMSCL/8417/21നമ്പർ (പർച്ചേസ് ഓർഡർ S0/69/2022-23/108) പ്രകാരം തുക 55460/-രൂപയെന്നും രേഖപ്പെടുത്തിയിരിക്കുന്നു.പദ്ധതി പ്രകാരം 3882/-രൂപ അധികം നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 15/2023 -ന് നൽകിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ അധിക നൽകിയ 3882/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് 2 മാസത്തിനകം അധികം നൽകിയ തുക തിരികെ ഈടാക്കാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിർവഹണോദ്യോഗസ്ഥയുടെ ബാധ്യതയായി മാറുന്നതാണ്.

## 1-18 വിനിയോഗ സാക്ഷ്യപത്രങ്ങളും മറ്റ് രേഖകളും ഹാജരാക്കിയിട്ടില്ല. 1672129/-രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ വിവരിക്കുന്ന പദ്ധതികൾക്ക് തുക വിവിധ ബില്ലുകൾ പ്രകാരം നൽകിയെങ്കിലും പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രങ്ങളും, മറ്റ് രേഖകളും പ്രോജക്റ്റ് ഫയലുകളോടപ്പം ലഭ്യമാക്കാത്തതിനാൽ പ്രസ്തുത രേഖകൾ അന്വേഷണകുറിപ്പ് 28/2023 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പദ്ധതി | അടങ്കൽ തുക,. | ചെലവ് തുക | ബിൽ വിവരം | അപാകത |
|---|---|---|---|---|---|
| 1 | 76/21,(പൈപ്പ് ലൈൻ എസ്റ്റൻഷൻ-ഊറ്റുകുഴി -പരണിയം) | 500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)വാട്ടർ അതോറിറ്റി | 500000/- | 280,19-2-2022 | നിയമാനുസൃത കരാർ പത്രം,വിനിയോഗ സാക്ഷ്യപത്രം,ഫൈനൽ ബില്ല് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | 77/21,(പൈപ്പ് ലൈൻ എസ്റ്റൻഷൻ-(വെങ്കടമ്പ്-പൂഴിക്കുന്ന്-വാർഡുകളിൽ) | 617500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)വാട്ടർ അതോറിറ്റി | 610000/- | 291,22-2-22 | നിയമാനുസൃത കരാർ പത്രം,വിനിയോഗ സാക്ഷ്യപത്രം,ഫൈനൽ ബില്ല് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | 90/21-11(പ്ലാമൂട്ടുക്കടംവൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ) | 100000/-പൊതു.സാധാ വിഹിതം,<br>KSEB. | 99582 | 57,30/7/2021(UTR) | വിനിയോഗ സാക്ഷ്യപത്രം,ഫൈനൽ ബില്ല് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 4 | 5/21,(IKM-ന് വിഹിതം നൽകൽ | 52547/-(പ്ലാൻഫണ്ട്) I K.M | 52547/- | 55, 27/7/21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 5 | 124/21-22(പ്ലാമൂട്ടുക്കട കെ.എസ്.ഇ.ബി-ലൈൻ മാറ്റി ABCസ്ഥാപിക്കൽ) | 100000/-പൊതു വിഹിതം.KSEB | 100000/- | 23/2/22-ലെ 62/21-22നമ്പർ ബിൽ | വിനിയോഗ സാക്ഷ്യപത്രം,ഫൈനൽ ബില്ല് എന്നിവ ഹാജരാക്കിയിട്ടില്ല |
| 6 | 11/21(ന്യൂലൈഫ് ബ്ലോക്ക് വിഹിതം നൽകൽ) | 400000/-,പൊതു വിഹിതം(ഗ്രാമപഞ്ചായത്തുകൾ) | 310000/- | 122,11-11-21.(20000/-)<br>173,20-12-21-(120000/-)<br>243,2-2-22(120000/-)<br>337,14-3-22(40000/-)<br>305,25-2-22(10000/-) | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| | | ആകെ | 1672129/- | | |

ഓഡിറ്റ് അന്വേഷണകുറിപ്പ് വഴി ആവശ്യപ്പെട്ട പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രങ്ങളും,മറ്റ് രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-19 നിയമാനുസൃത വെറ്റിംഗ് ആഫീസർ അംഗീകരിക്കാത്ത പദ്ധതി നടപ്പിലാക്കി.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാകുന്നതിനുള്ള മാർഗ്ഗരേഖ 29/01/2018-ലെ സ.ഉ.(കൈ)നം.11/2018/തസ്വഭവ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ 3.8-ായി പ്രോജക്ടുകളുടെ അംഗീകരം നൽകുന്ന മാനദണ്ഡങ്ങൾ വിവരിക്കുന്നു.ആയത് പ്രകാരം പ്രോജക്റ്റ് നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ

നിർവഹണോദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥനോ,അല്ലായെങ്കിൽ ആ മേലുദ്യോഗസ്ഥന്റെ ജില്ലാതല/സംസ്ഥാനതല ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ് നിബന്ധനകൾക്ക് വിധേയമായി വെറ്റിംഗ് ഓഫീസർ എന്ന നിലയ്ക്ക് പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകേണ്ടത്. കൂടാതെ പ്രോജക്ട് അംഗീകാരം നൽകേണ്ടത് ആ പ്രോജക്ട് ഉൾപ്പെടുന്ന മേഖലയിലെ ഒരു ഉദ്യോഗസ്ഥൻ ആയിരിക്കണം. 3.8.(11)11-ൽ നിർമ്മാണ പ്രവൃത്തികൾ ഒഴികെയുള്ള മറ്റ് പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ആഫീസറുടെ അംഗീകാരം നേടണമെന്നും, 3.5.6(1)-ൽ ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകൾ മാത്രമെ ഏറ്റെടുക്കാൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ മെഡിക്കൽ ആഫീസർ(സി.എച്ച്.സി-പൂവ്വാർ) നടപ്പിലാക്കിയ119/22നമ്പർ (രോഗമില്ലാത്തഗ്രാമം-ജീവിത ശൈലിരോഗ ക്യാൻസർ രോഗ ഡിറ്റക്ഷൻ ക്യാമ്പുകൾ) എന്ന പ്രോജക്ട് പരിശോധിച്ചതിൽ മേൽ വിവരിച്ച മാനദണ്ഡം പാലിക്കാതെ നടപ്പിലാക്കിയതായി ബോധ്യപ്പെട്ടു. പ്രസ്തുത പദ്ധതിയുടെ അംഗീകാരത്തെ സംബന്ധിച്ച അപാകത കണ്ടെത്തിയതിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 7/23-ന് സമർപ്പിച്ച മറുപടിയിൽ നിർവഹണോദ്യോസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ നിശ്ചയിച്ചുരുന്നതായും,6/1/2022-ലെ ജനറൽ കമ്മിറ്റിയുടെ 11(2)-ാം നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയെ മാറ്റി മെഡിക്കൽ ആഫീസറെ നിർവഹണോദ്യോഗസ്ഥാനാക്കിയെന്നും അറിയിച്ചു. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A. മെഡിക്കൽ ആഫീസർ നിർവഹണം നടത്തിയ മറ്റ് എല്ലാ പദ്ധതികൾക്കും ജില്ലാ മെഡിക്കൽ ആഫീസറുടെ അംഗീകാരം ലഭിച്ചുവെങ്കിലും 119/22 നമ്പർ (രോഗമില്ലാത്ത ഗ്രാമം-ജീവിത ശൈലിരോഗ ക്യാൻസർ രോഗ ഡിറ്റക്ഷൻ ക്യാമ്പുകൾ) എന്ന പ്രോജക്ടിന് പദ്ധതിയുടെ വെറ്റിംഗ് ആഫീസറായിരിക്കേണ്ട ജില്ലാ മെഡിക്കൽ ആഫീസറുടെ അംഗീകാരം പദ്ധതിയ്ക്ക് ലഭിച്ചിട്ടില്ല. ഫയൽ പരിശോധനയിൽ പദ്ധതിയുടെ വെറ്റിംഗ് ആഫീസർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെന്നും,അംഗീകാര തിയതി 27/12/2021 ആണെന്നും വ്യക്തമായി. എന്നാൽ തീരുമാന നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

B. അടങ്കൽ തുക 300000/-രൂപയായ പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയത്.

C.പദ്ധതി രൂപീകരണ സമയത്ത് സെക്രട്ടറിയെ നിർവഹണോദ്യോഗസ്ഥനായും, പ്രോജക്ട് കാറ്റഗറി - 2-ലായി Schedule രേഖപ്പെടുത്തിയെന്നും അന്വേഷണകുറിപ്പ് 7-ന് നൽകിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചു. ആയതിൽ നിന്നും പദ്ധതിയുടെ രൂപീകരണവേളയിൽ തന്നെ അപാകത സംഭവിച്ചതായി വ്യക്തമാകുന്നു.

3.ബ്ലോക്ക് ഗ്രാമസഭയിലോ,ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയിലോ പ്രസ്തുത പ്രോജക്ട് നടപ്പിക്കാൻ തീരുമാനിച്ചതായുള്ള രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടോ,പൂർത്തീകരണ സാക്ഷ്യപത്രമോ സമർപ്പിച്ചിട്ടില്ല.

5.പദ്ധതിപ്രകാരം രോഗമില്ലാ ഗ്രാമങ്ങളായി തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലെ ഗ്രാമങ്ങളുടെ പേര് വിവരം, ഗ്രാമപഞ്ചായത്തുകളുടെ സഹകരണം ഉറപ്പുവരുത്തൽ എന്നിവ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

6.ബ്ലോക്ക് പഞ്ചായത്തുകൾക്ക് ക്യാൻസർ കണ്ടെത്തുവാനുള്ള ക്യാമ്പുകൾ നടത്തവുന്നതാണ്.എന്നാൽ പൊതുജനങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് ബ്ലോക്ക് പരിധിയിൽ 6പി.എച്ച്.സി-കളും,2സി.എച്ച്.സി-കളും, പാലിയേറ്റീവ് കെയർ സംവിധാനവും,വയോമിത്രം പദ്ധതിയും പ്രവർത്തിക്കുന്നു. ഇപ്രകാരം മരുന്ന് ലഭിക്കുന്ന സംവിധാനം പ്രവർത്തിക്കുമ്പോൾ ക്യാൻസർ കണ്ടെത്തുവാൻ നടത്തിയ ക്യാമ്പുകളിൽ ജീവിത ശൈലീരോഗങ്ങൾ കൂടി കണ്ടെത്തുവാനും ആയതിന് 90000/-രൂപയുടെ മരുന്ന് വിതരണം ചെയ്തു നൽകിയെന്നും അന്വേഷണകുറിപ്പ് 13/2023 -ന് മെഡിക്കൽ ആഫീസർ മറുപടി നൽകി.

പദ്ധതി നടത്തിപ്പിനായി സി.എച്ച്.സി-യുടെ H.M.C. ഫണ്ടിൽ നിന്നും തുക നൽകുകയും പ്രസ്തുത തുക ധനകാര്യ കമ്മീഷൻ ഗ്രാൻഡ് തുകയിൽ നിന്നും വകയിരുത്തി ചുവടെ രേഖപ്പെടുത്തുന്നവിധം ഇ-ഗ്രാം സ്വരാജ് വഴി റീക്കൂപ്പ് ചെയ്യുകയും ചെയ്തു.

| വെച്ചർ തുക | തിയതി | തുക |
|---|---|---|
| XVFC/2021/22/p/33 | 31-3-2022 | 94500/- |
| XVFC/2021/22/p/34 | 31-3-2022 | 156440/- |
| ആകെ | | 250940/- |

പദ്ധതിയുടെ രൂപീകരണവും, നിയമാനുസൃത അംഗീകാരം വാങ്ങാതെ പദ്ധതി നടപ്പിലാക്കിയതും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണെന്ന് വ്യക്തമാകുന്നു. കൂടാതെ പ്രോജക്ടുകളുടെ അംഗീകാരവും സാങ്കേതികാനുമതിയും സംബന്ധിച്ച് വെറ്റിംഗ് ആഫീസറുടെ തീരുമാനത്തിന്മേലുള്ള പരാതികൾ പരിഗണിക്കാൻ അധികാരപ്പെട്ട അപ്പലേറ്റ് കമ്മിറ്റികളുടെ (മാർഗ്ഗരേഖ-4(4-1) പരിഗണനയ്ക്ക് അയച്ചുനൽകാതെയാണ് പദ്ധതി നടപ്പിലാക്കിയത്.പദ്ധതി നിയമാനുസൃതം വിഭാവനം ചെയ്യാത്തതും മോണിറ്ററിംഗ് നടത്താത്തതും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും,ഭരണസമിതിയുടെയും വീഴ്ചയായും , മാർഗ്ഗരേഖ നിബന്ധനകൾ പ്രകാരം ആവശ്യമായ അംഗീകാരം നേടാതെ ഭാവിയിൽപദ്ധതികൾ നടപ്പിലാക്കുന്നത്

നിർഹണോദ്യോസ്ഥന്റെ വീഴ്ചയായി പരിഗണിക്കാവുന്നതിനാൽ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വജ്രജൂബിലി കലാകാരൻമാർക്ക് ധനസഹായം-പദ്ധതി നിർഹണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിയില്ല.

സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ.ഉ(കൈ) നം.30/2019/തസ്വഭവ തീ. 03.03.2019 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടുന്ന ക്ലസ്റ്ററിൽ അഞ്ച് കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് ചുമതല നൽകിയിട്ടുണ്ട്. നിശ്ചിത യോഗ്യത നേടിയ കലാകാരൻമാരെ ഉപയോഗിച്ച് യുവമനസുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനായി ക്ലാസുകൾ നൽകുന്നു.അപ്രകാരം ക്ലാസ് നൽകുന്ന ഓരോ യുവ കലാകരാൻമാർക്കും നൽകുന്ന വേതനത്തിൽ 5000/-രൂപ തദ്ദേശസ്ഥാപനം നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.S088/22 പദ്ധതി പ്രകാരം (വജ്രജൂബിലി കലാകാരൻമാർക്ക് ധനസഹായം) സാധാ. വിഹിതത്തിൽ നിന്നും 35000/-രൂപ വകയിരുത്തി ബിൽ നമ്പർ 30/21-22,തിയതി-16/8/21 പ്രകാരം 25000/-രൂപയും, 4/21-22 എന്ന (വജ്രജൂബിലി കലാകാരൻമാർക്ക് ധനസഹായം) പദ്ധതി പ്രകാരം സാധാ. വിഹിതത്തിൽ നിന്നും 360000/-രൂപ വകയിരുത്തി ബിൽ നമ്പർ 29/21,തിയതി-16/2/21പ്രകാരം 240000/-രൂപയും ചെലവ് ചെയ്തു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ(കൈ)നം.30/2019/തസ്വഭവ തീ.03.03.2019 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പരിശീലനത്തിന് താല്പര്യമുള്ള വിദ്യാർത്ഥികളുടെ വിവരം ശേഖരിക്കുന്നതിന് ബ്ലോക്ക് തല/ഗ്രാമപഞ്ചായത്ത് വാർഡ് തല സമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സമിതി രൂപീകരിച്ചതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ.ഉ(കൈ)നം.30/2019/തസ്വഭവ തീ.03.03.2019 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബ്ലോക്ക് തല/ഗ്രാമപഞ്ചായത്ത് വാർഡ് തല സമിതിയും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

3.പ്രോജക്റ്റ് പ്രകാരം പരിശീലനത്തിന് തെരെഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത പദ്ധതികൾക്കായി നിയോഗിച്ച കലാകാരൻമാർ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ പരിധിയിൽ വച്ച് ക്ലാസ് നൽകിയപ്പോൾ പങ്കെടുത്ത വിദ്യാർത്ഥികളുടെ ഹാജർ പുസ്തകവും,അധ്യാപകരുടെ ഹാജർ പുസ്തകവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4.സ.ഉ(കൈ)നം.30/2019/തസ്വഭവ തീ.03.03.2019 മാർഗരേഖ പ്രകാരം, കലാപരിശീലനം ആഴ്ചയിൽ കുറഞ്ഞത് നാല് ദിവസങ്ങളിൽ നടത്തേണ്ടതും കലാകാരന്മാരുടെ പദ്ധതി പ്രവർത്തനം, ഹാജർ തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കോർഡിനേറ്റർ നൽകുന്ന പ്രവർത്തന റിപ്പോർട്ടിന്റെയും സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അധിക വിഹിതം കലാപ്രവർത്തകർക്ക് അനുവദിക്കേണ്ടത്.അപ്രകാരമുള്ള നടപടി ബ്ലോക്ക് പഞ്ചായത്ത് സ്ഥീകരിച്ചതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.29/22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ചാണ് പദ്ധതി നടപ്പാക്കുന്നതെന്ന് നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-21 കുടിവെള്ള പ്രോജക്ടുകൾ -തുടർ നടത്തിപ്പ്,സംരക്ഷണം ഉറപ്പാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് 2021-22 കാലയളവിൽ ആറ് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അവയുടെ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതിയെ എല്പിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ).നം 11/2018/തസ്വഭവ/29.1.2018 ഖണ്ഡിക 7.16 (ബി) പ്രകാരം ജലസേചന പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/ ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രൊജക്റ്റിൽ വ്യവസ്ഥ വെക്കണം. കൂടാതെ കുടിവെള്ള പ്രൊജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും ഗുണഭോക്തൃസമിതിയുടെ ചുമതലയായിരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷം പണി ആരംഭിച്ച/പൂർത്തീകരിച്ച കുടിവെള്ള, ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും കരാർ വച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചതിന്റെയും ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റേയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയഫയലുകളിൽ ലഭ്യമല്ല. ഭാവിയിൽ കുടിവെള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ഗുണഭോക്തൃസമിതികളുമായി കരാറുണ്ടാക്കി പദ്ധതികളുടെ തുടർ നടത്തിപ്പും, സംരക്ഷണവും ഉറപ്പാക്കേണ്ടതാണ്.

## 1-22 ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പ്രോജക്ടുകൾ-തുക തിരികെ ഈടാക്കേണ്ടതാണ്.

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 94937/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. ഗുണഭോക്തൃസമിതി മുഖേന

നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| കുഴിഞ്ഞാണിവിള അംഗൻവാടി നിർമ്മാണം (45/22)<br>ബിൽ നം.3/31.8.21<br>തുക 161081/,ബിൽനം 13/1.1.22 തുക 2,75,355/<br>അളവ് പുസ്തകം 14/20-21<br>കൺവീനർ ശ്രീമതി.ശ്രീജ.വി.പി<br>ഫണ്ട്- പ്ലാൻ<br>Cost Index 37.93% | 4,36,435 | 21822 | 0 | 21822 |
| കാഞ്ചൻപഴിഞ്ഞി അംഗൻവാടി മെയിൻറനൻസ്(s0055/22)<br>ബിൽ നം.23/22.2.22<br>തുക-4,99,678/<br>അളവ് പുസ്തകം 246/21-22<br>കൺവീനർ ശ്രീമതി.അഞ്ജന.ബി.എസ്.<br>ഫണ്ട് -പ്ലാൻ .<br>Cost Index 37.13 | 4,99,678 | 24984 | 0 | 24984 |
| പ്രോജക്ട് നം S0086/22<br>പരുത്തിയൂർ ഗ്രൗണ്ടിൽ ടോയ്ലെറ്റ് നിർമ്മാണം CFC Grant ചെലവ് -4,99,826(<br>ബിൽ നം247/7.2.22<br>കൺവീനർ- ലറ്റീഷ.എ(H.M)<br>Cost Index 37.93 M.Bookno 134,172,/22 | 4,99,826.00 | 24991 | 0 | 24,991 |
| കരുമാനൂർ കുടിവെള്ള പ്രോജക്ട് (S0081/22)<br>ബിൽനം.407/31.3.22<br>തുക 4,62,809/-രൂ | 4,62,809 | 23140 | 0 | 23140 |

| | | | | | |
|---|---|---|---|---|---|
| അളവ് പുസ്തകം<br>489,152/20-21<br>കൺവീനർ -എൻ.ഡേവിഡ്.<br>ഫണ്ട്- CFC<br>Cost Index 37.93% | | | | | |

തുക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/10.03.23 ന് മറുപടി ലഭ്യമല്ല. എന്നാൽ ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപുള്ള DSR പ്രകാരമുള്ള എസ്റ്റിമേറ്റുകളിൽ 7.5 % ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയിരുന്നത് ടാക്സ് പ്രൊവിഷന് വേണ്ടിയായിരുന്നു. ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് അടവാക്കേണ്ടതില്ലാത്തതിനാൽ 5 % തുക കുറവ് വരുത്തിയാണ് കൺവീനർമാർക്ക് ഫൈനൽ ബിൽ നൽകേണ്ടത്. ആയതിനാൽ അധികം നൽകിയ 94937/- രൂപ കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യാഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

### 1-23 സമ്മതപത്രമില്ലാതെ റവന്യൂ ഭൂമിയിലെ നിർമ്മാണം

കുളത്തൂർ വില്ലേജ് ഓഫീസ് പരിസരത്ത് ടോയ്ലെറ്റ് നിർമ്മാണത്തിനായി(പ്രോജക്ട് - S0067/22) 3,79,252/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ റവന്യൂ ഭൂമിയിലെ നിർമ്മാണത്തിനായി റവന്യൂ അധികാരികളുടെ സമ്മതപത്രം ലഭ്യമാക്കാതെയാണ് നിർമ്മാണം നടത്തിയത്. നിർമ്മാണം പൂർത്തീകരിച്ച ടോയ്ലെറ്റ് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിക്ക് ( എൻക്വയറി നമ്പർ 18 )മറുപടി ലഭിച്ചിട്ടില്ല. റവന്യൂ അധികാരികളിൽ നിന്നുള്ള സമ്മതപത്രം, ആസ്തിയിലുൾപ്പെടുത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകളുടെ ചെലവു വിവരം സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തതിനാൽ തുക ചെലവഴിച്ച പ്രോജക്ടുകൾ സംബന്ധിച്ച വിവരം ലഭ്യമല്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവു ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എസ്.ജി.എസ്.വൈ | 1,03,724 | 3138 | 1,06,768 | 0 | 1,06,768 |
| ഹരിയാലി | 3,53,992 | 9654 | 3,63,646 | 0 | 3,63,646 |
| ഐ.എ.വൈ | 18,90,067 | 0 | 1890067 | 1591928 | 2,98,139 |
| പഞ്ചായത്ത് വിഹിതം | 45,34,355 | 46,40,000 | 91,74,355 | 34,30,000 | 57,44,355 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 4248300 | 4248300 | 4248300 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

1) ഡെപ്പോസിറ്റ് വർക്കിനത്തിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | തുക നൽകിയ സ്ഥാപനം | തുക | ആകെ |
|---|---|---|---|
| 76/22 | വാട്ടർ അതോറിറ്റി | 5,00,000/- | 13,02,540/- |
| 77/22 | | 6,10,000/- | |
| 50/22 | | 192,540/- | |
| 90/22 | KSEB | 99582/- | 199582/- |
| 124/22 | | 1,00,000/- | |

2) വാർഷിക ധനകാര്യ പത്രികയിലെ ഡെപ്പോസിറ്റ് വർക്കിനത്തിലെ തുകകളും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്ന

| സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം | ആകെ | ചെലവ് | നീക്കിയിരിപ്പ് (AFS പ്രകാരം) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 40,48,228 | 13,02,540/- | *53,50,768 | 0 | 51,58,228/- |

ഇപ്രകാരം കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് 5350768/-രൂ ആണ്. പ്രസ്തുത തുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിശദവിവരം ചുവടെ ചേർക്കുന്നു. വായ്പ വിവരങ്ങൾ ലഭ്യമാക്കുന്ന രജിസ്റ്റർ / സ്റ്റേറ്റ്മെന്റ് ഓഡിറ്റിനു ലഭ്യമാക്കിയില്ല.

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | തൻ വർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചട ക്കാൻ ബാക്കി ഉണ്ടായി രുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി യുള്ള തുക (തൻ വർഷ ബി5 പ്രകാരം) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന പദ്ധതി | സ.ഉ.(എം.എസ്) നം. 115/2013 /ത.സ്വ.ഭ.വ, തീയതി: 22/03/2013 | 0 | 59,50,000 | വിവരങ്ങൾ ലഭ്യമാക്കിയില്ല | -- | 59,50,000/- |
| ഇ.എം.എസ് ഭവനപദ്ധതി | | 0 | 14,86,315 | വിവരങ്ങൾ ലഭ്യമാക്കിയില്ല | -- | 20,83,078/- |

വാർഷികധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

വായ്പ വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നം.23/15.03.2023) ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. വായ്പ വിവരങ്ങൾ/ രജിസ്റ്റർ, ഫയലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമനമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തിയതി |
|---|---|---|---|---|---|
| 1. | 2014-15,2015-16 | 3-5,3-11 | 9683 | ശ്യാം വിദ്യാനാഥ്. (Asst.Ex.Engineer) | ചെലാൻ തിയതി 8/3/22. |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടി വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,38,95,399/- |
| ഓഡിറ്റ് വർഷത്തെ വരവ് | 798,50,894/- |
| ആകെ | 9,37,46,293/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,68,60,640/- |
| നീക്കിയിരിപ്പ് | 68,85,653/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2123111 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

<table>
<tr><th>ഖണ്ഡിക നമ്പർ</th><th>തുക</th><th colspan="3">ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><td>1-14</td><td>447100</td><td colspan="3">ശ്രീ.ജ്യോതിസ്. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ</td></tr>
<tr><td>1-17</td><td>3882</td><td colspan="3">ഡോ.മിനി.എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പൂവ്വാർ</td></tr>
<tr><td rowspan="2">1-18</td><td rowspan="2">1672129/-</td><td>1-18-1<br>1-18-2<br>1-18-5<br>1-18-6</td><td>500000/-<br>610000/-<br>100000/-<br>310000/-</td><td>ശ്രീ.സോളമൻ, സെക്രട്ടറി</td></tr>
<tr><td>1-18-3<br>1-18-4</td><td>99582/-<br>52547/-</td><td>ശ്രീ സുരേന്ദ്രൻ, ജോയിന്റ് BDO, (സെക്രട്ടറി ഇൻ-ചാർജ്ജ്)</td></tr>
</table>

| | | |
|---|---|---|
| ആകെ | 2123111 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മിനി.എസ്, മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പൂവ്വാർ | രോഹിണി, വെങ്ങാനൂർ, വെങ്ങാനൂർ പി.ഒ |
| ശ്രീ.സോളമൻ.എസ് സെക്രട്ടറി | | സോണി ഭവൻ, പാറയംവിള, വിരാലി, ഉച്ചക്കട പി.ഒ |
| ശ്രീ. സുരേന്ദ്രൻ, ജോയിന്റ് ബി.ഡി.ഒ (സെക്രട്ടറി ഇൻചാർജ്) | ബ്ലോക്ക് പഞ്ചായത്ത്, പാറശാല | ശ്രീനിലയം, റ്റി സി 48/98-2, അമ്പലത്തറ, പൂന്തുറ പി.ഒ |
| ശ്രീ.ജ്യോതിസ്. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | --- | മേരിലാന്റ്,റ്റി.സി 8/583, ഉടാൻകുഴി റോഡ്, തിരുമല 695006 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ബി.പി/1836 /2022 തീയതി:17.10.2022 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ബി.പി/1836 /2022 തീയതി: 17.10.22 | 1 |
| 2014-15 & 2015-16 | കെ.എസ്.എ.റ്റി.വി.എം/ബി.പി/1836 /2022 തീയതി:17.10.2022 | 9 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ബി.പി/1836 /2022 തീയതി:17.10.2022 | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ബി.പി/1836 /2022 തീയതി:17.10.2022 | 3 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ബി.പി/68 /2020 തീയതി:17.02.2020 | 26 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ബി.പി /303/2022 തീയതി:05.03.2022 | 30 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ബി.പി /772/2022 തീയതി:07.06.2022 | 32 |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്